**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി പുലിമുട്ട് നിർമ്മാണത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിൽ പുലിമുട്ട് നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | മുതലപ്പൊഴി മത്സ്യബന്ധന ഉറമുഖത്തിനായി പുലിമുട്ട് നിർമ്മാണത്തി നൾപ്പെടെ ആകെ 23,61,97,584/- രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പുലിമുട്ട് നിർമ്മാണത്തിലെ അപാകത മുതലപ്പൊഴിയിൽ അപകടങ്ങൾക്ക് കാരണമാകുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | മുതലപ്പൊഴി മത്സ്യബന്ധന ഉറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22/10/2022 തീയതിയിലെ സ.ഉ. (സാധാ) നം. 660/2022/ മ.ഉ.വ പ്രകാരം ടി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷനെ (CWPRS) മുമ്പ് തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ CWPRS ഉദ്യോഗസ്ഥർ 03/11/2022- ന് ഹാർബർ സന്ദർശിച്ച് പരിശോധന നടത്തുകയും പഠനം നടത്തുന്നതിനുള്ള തുകയായി 53,79,230/- രൂപയുടെ എസ്റ്റിമേറ്റ് 27/12/2022- ന് സമർപ്പിക്കുകയും ചെയ്തു. പഠനം നടത്തുന്നതിന് ആദ്യ ഘട്ടമായി 12 ലക്ഷം രൂപയും പിന്നീട് 25.454 ലക്ഷം രൂപയും (ആകെ 37.454 ലക്ഷം) 22/06/2023 വരെ CWPRS ന് നൽകിയിട്ടുണ്ട്. പഠനം നടത്തുന്നതിനായി Current, tide, river discharge തുടങ്ങിയ ഫീൽഡ് ഡാറ്റ CWPRS ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡാറ്റ ശേഖരിക്കുന്നതിനുള്ള പ്രവൃത്തിക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 03/04/2023 ന് ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്തിന് ശേഷമുള്ള ഡേറ്റ കൂടി ശേഖരിച്ച് ഇനി CWPRS – ന് നൽകേണ്ടതായുണ്ട്. മഴക്കാലത്തിന് ശേഷം 2023 സെപ്റ്റംബർ മാസത്തോടെ പ്രസ്തുത ഡാറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡേറ്റാ ശേഖരണം വിലയിരുത്തുന്നതിന് 12/08/2023 ന് CWPRS വിദഗ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2023 ഡിസംബർ മാസത്തിൽ CWPRS – ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കും.<br><br>റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ